സഹകരണ സ്ഥാപനങ്ങളുടെ ഭരണസമിതി തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് അക്രമത്തിനിരയായവർക്ക് ധനസഹായം

108 (4268) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. കെ. മണി :
ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് സഹകരണ സ്ഥാപനങ്ങളുടെ ഭരണ സമിതികളിലേയ്ക്ക് നടത്തിയ തെരഞ്ഞെടുപ്പിനോടനുബന്ധിച്ചുണ്ടായ അക്രമത്തിന് വിധേയനായതുമൂലം, ശാരീരികമായി അവശത അനുഭവിക്കേണ്ടതായി വന്ന സഹകാരികൾക്ക് സാങ്കേതിക സഹായം നൽകാനുദ്ദേശ്യമുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

പ്രാഥമിക കൺസ്യൂമർ സഹകരണ സംഘങ്ങൾക്ക് ഗോഡൗൺ നിർമ്മിക്കുന്നതിനായി നൽകുന്ന ധനസഹായം

109 (4269) ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രാഥമിക കൺസ്യൂമർ സഹകരണ സംഘങ്ങൾക്ക് ഗോഡൗൺ നിർമ്മിക്കുന്നതിനായി സർക്കാർ ഇപ്പോൾ നൽകുന്ന ധനസഹായമായ ഒരു ലക്ഷം രൂപ, കെട്ടിടനിർമ്മാണ ചെലവിൽ ഉണ്ടായ വൻ വർദ്ധന പരിഗണിച്ച് 5 ലക്ഷം രൂപായെങ്കിലും ആയി ഉയർത്തുന്നകാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) പരിശോധിക്കുന്നതാണ്.

ഇന്റഗ്രേറ്റഡ് കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് പ്രോഗ്രാം

110 (4270) ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ ഇന്റഗ്രേറ്റഡ് കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് പ്രോഗ്രാം (ഐ.സി.ഡി.പി.) നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച നടപടികൾ ഏതുവരെയായി ;

(സി) തിരുവനന്തപുരം ജില്ലയിൽ ഈ പദ്ധതി നടപ്പിലാക്കാനുള്ള നോഡൽ ഏജന്റായി നിശ്ചയിച്ചിരിക്കുന്നത് ആരെയാണ് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തിരുവനന്തപുരം ജില്ലയിൽ ഇന്റർഗ്രേറ്റഡ് കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് പ്രോഗ്രാം (സംയോജിത സഹകരണ വികസന പദ്ധതി) നടപ്പാക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ തിരുവനന്തപുരത്തുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റിനെ ചുമതലപ്പെടുത്തുകയും അവർ തയ്യാറാക്കിയ 19.56 കോടി രൂപയുടെ റിപ്പോർട്ട് നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷന് (എൻ.സി.ഡി.സി.) അയച്ചുകൊടുക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ അവരുടെ ഒരു വിദഗ്ദ്ധസംഘം ജില്ലയിലെ സഹകരണ സംഘങ്ങൾ സന്ദർശിച്ച് വിലയിരുത്തൽ നടത്തുകയും ചെയ്തു കഴിഞ്ഞു. എൻ.സി.ഡി.സി. യിൽ നിന്നും പദ്ധതിയുടെ അനുമതി പ്രതീക്ഷിക്കുന്നു.

(സി) തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിനെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി നിശ്ചയിച്ചിരിക്കുന്നത്.

കാസർകോട് ജില്ലയിലെ പള്ളിക്കര സഹകരണ സ്റ്റോർ പ്രവർത്തനം

111 (4271) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർകോട് ജില്ലയിലെ പള്ളിക്കര സഹകരണ സ്റ്റോർ നഷ്ടത്തിലാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അടുത്തകാലത്തുണ്ടായ ഓഡിറ്റ് ഫീസ് വർദ്ധനവ് മുൻകാല പ്രാബല്യത്തോടെ നടപ്പിലാക്കുന്നതിൽ നിന്നും, നഷ്ടത്തിൽ പ്രവർത്തിക്കുന്നതിന്മേൽ സഹകരണ സ്റ്റോറിനെ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് സംഘം പ്രസിഡന്റ് സർക്കാരിന് സമർപ്പിച്ച ഹർജിയിന്മേൽ, എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ;

(സി) ഓഡിറ്റ് ഫീസ് വർദ്ധനവ്, നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളിൽ നിന്ന് മുൻകാല പ്രാബല്യത്തോടെ ഈടാക്കുന്നത് ഒഴിവാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഹർജി സഹകരണസംഘം രജിസ്ട്രാർക്ക് നടപടികൾക്കായി അയച്ചുകൊടുത്തു. ഇക്കാര്യത്തിൽ സഹകരണസംഘം രജിസ്ട്രാർ സംഘം പ്രസിഡന്റിന് മറുപടി നല്കിയിട്ടുണ്ട്.

(സി) ഓഡിറ്റ് ഫീസ് മുൻകാല പ്രാബല്യത്തോടെ ഈടാക്കുന്നില്ല. പരമാവധി പരിധി വർദ്ധിപ്പിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് തീയതിയായ 10-10-2002-ന് ശേഷം പൂർത്തിയാക്കുന്ന ഓഡിറ്റിന് മാത്രമേ വർദ്ധിപ്പിച്ച പരമാവധി തുക ബാധകമാക്കിയിട്ടുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly